**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6173** **09-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ അജാനൂർ ചിത്താരി കടപ്പുറത്ത് മിനി ഫിഷിംഗ് ഹാർബർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ അജാനൂർ പഞ്ചായത്തിലെ ചിത്താരി കടപ്പുറത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച് റിവർ ട്രെയിനിംഗ് പ്രവൃത്തി കൂടി ഉൾപ്പെടുത്തിയുള്ള സി.ഡബ്ല്യൂ.പി.ആർ.എസ്. പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ അജാനൂർ പഞ്ചായത്തിലെ ചിത്താരി കടപ്പുറത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച് റിവർ ട്രെയിനിംഗ് പ്രവൃത്തി കൂടി ഉൾപ്പെടുത്തിയുള്ള CWPRS പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി CWPRS ഉദ്യോഗസ്ഥർ 11/07/2019 ന് നിർദ്ദിഷ്ട അജാനൂർ മത്സ്യബന്ധന തുറമുഖ സ്ഥലം സന്ദർശിക്കുകയും പഠനത്തിനാവശ്യമായ ചില അധിക ഡാറ്റ കൂടി ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിൻപ്രകാരം നിർദ്ദിഷ്ട പുലിമുട്ടിന്റെയും റിവർ ട്രെയിനിംഗ് വർക്കിന്റെയും ജിയോ റഫറൻസ്, ഇലക്ട്രോണിക് ഫോർമാറ്റിലുള്ള ഡ്രോയിംഗ്സ് എന്നിവ തയ്യാറാക്കി പൂനെ CWPRS ന് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നിയമാനുസൃത അനുമതികൾ ലഭ്യമാക്കി പ്രവർത്തി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | കാസർഗോഡ് ജില്ലയിലെ അജാനൂർ പഞ്ചായത്തിലെ ചിത്താരി കടപ്പുറത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച് റിവർ ട്രെയിനിംഗ് പ്രവൃത്തി കൂടി ഉൾപ്പെടുത്തിയുള്ള CWPRS പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി CWPRS ഉദ്യോഗസ്ഥർ 11/07/2019 ന് നിർദ്ദിഷ്ട അജാനൂർ മത്സ്യബന്ധന തുറമുഖ സ്ഥലം സന്ദർശിക്കുകയും പഠനത്തിനാവശ്യമായ ചില അധിക ഡാറ്റ കൂടി ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിൻപ്രകാരം നിർദ്ദിഷ്ട പുലിമുട്ടിന്റെയും റിവർ ട്രെയിനിംഗ് വർക്കിന്റെയും ജിയോ റഫറൻസ്, ഇലക്ട്രോണിക് ഫോർമാറ്റിലുള്ള ഡ്രോയിംഗ്സ് എന്നിവ തയ്യാറാക്കി പൂനെ CWPRS ന് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നിയമാനുസൃത അനുമതികൾ ലഭ്യമാക്കി |

| | | | |
|---|---|---|---|
| | | | പ്രവർത്തി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ